20/1/23

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 928*(2)/2022*/*എസ്.ഐ.സി***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **10455**/*എസ്.ഐ.സി-ജി 6/22*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ആർ.വി.സുകേഷ്,**
**കല്ലുകടയ്ക്കൽ വീട്,**
**തേവള്ളി, കൊല്ലം-9.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
   **വില്ലേജ ഓഫീസർ,**
   **കൊല്ലം വെസ്റ്റ്.**

2. **അപ്പീൽ അധികാരി&**
   **തഹസിൽദാർ,**
   **കൊല്ലം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06.04.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.04.2022 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 03.05.2022 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 26.05.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 13.06.2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06.07.2022 |
| ഹിയറിംഗ് നടന്ന തീയതി | 12.12.2022, കൊല്ലം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

**അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന്**

സമർപ്പിച്ച ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട വിവരം/രേഖ ലഭ്യമാക്കിയി ല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 06.04.2022ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) കൊല്ലം കളക്ടറേറ്റിനു സമീപം സ്ഥിതി ചെയ്യുന്ന കൊട്ടാരക്കുളം ഗണപതിക്ഷേത്രവും ഓഫീസും അനുബന്ധ കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്നും

2) ടി ഭൂമിയുടെ സർവ്വെ നമ്പർ, റീ സർവ്വെ നമ്പർ, ബ്ലോക്ക് നമ്പർ എന്നിവ ഏതെല്ലാമാണെന്നും

3) മേൽപ്പടി വസ്തുവിന്റെ തണ്ടപ്പേര് നമ്പർ എത്രയാണെന്നും

4) ടി വസ്തുവിന്റെ കരം ഒടുക്കുന്നുണ്ടോയെന്നും

5) പ്രസ്തുത വസ്തുവിന്റെ കരം എത്രയാണെന്നും തുടങ്ങി 11 ഇനങ്ങ ളിലായുള്ള വിവരങ്ങളാണ്.

ആയതിന് 27.04.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) കോട്ടാരക്കുളം ഗണപതിക്ഷേത്രത്തിന്റെ കൈവശത്തിലുള്ള ഭൂമി യുടെ തണ്ടപ്പേർ പകർപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നുവെന്നും ടി കരമൊടുക്കിൽ കൈവശക്കാരന്റെ പേരുവിവരങ്ങൾ രേഖപ്പെടു ത്തിയിട്ടുണ്ടെന്നാണ്.
2) നൽകിയിട്ടുള്ള തണ്ടപ്പേരിൽ ബ്ലോക്ക് നമ്പർ, സർവ്വെ നമ്പർ, വിസ്തീർണ്ണം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും
3) തണ്ടപ്പേർ നമ്പർ 20359 ആണെന്നും
4) ഇതോടൊപ്പം ചേർത്തിട്ടുള്ള തണ്ടപ്പേർ പകർപ്പിൽ ഒടുക്കുവിവരം രേഖപ്പെടുത്തിയിട്ടുണ്ടെന്നും കൂടാതെ ഓൺലൈനായി 2021-22 വരെ സർവ്വെ 2/2ൽപ്പെട്ട വസ്തുവിന് കരം ഒടുക്കിയിട്ടുണ്ടെന്നുമാ ണ്.
5) വസ്തുവിന്റെ കരം 150/- ആണെന്നും

6) (7),(8),(9),(10),(11) നമ്പരായുള്ള വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുള്ള രജിസ്റ്ററുകൾ ടി ഓഫീസിൽ സൂക്ഷിച്ചിട്ടില്ലെന്നാണ്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 26.05.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ ഹർജിയിന്മേൽ തീരുമാനം എടുക്കുന്നതിന് ടിയാനേയും എസ്.പി.ഐ.ഒ.യെയും നേരിൽ കേൾക്കുകയുണ്ടായെന്നും ടിയാനാവശ്യപ്പെട്ട വിവരങ്ങൾ നൽകണമെന്ന് ഹർജിക്കാരനും അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള പുറമ്പോക്ക് കയ്യേറ്റവുമായി ബന്ധപ്പെട്ട വിവരങ്ങൾ സർവ്വെയർ മുഖേന അളന്നാൽ മാത്രമേ കഴിയൂവെന്നും ആയതിനാൽ ടി ഭൂമിയിലെ കയ്യേറ്റ വിവരങ്ങൾ ടി കാലയളവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും നിലവിൽ ടി കയ്യേറ്റം സംബന്ധിച്ച് ഒരു പരാതിയും ഫയലും ടി ഓഫീസിൽ ഇല്ലെന്നും എസ്.പി.ഐ.ഒ.യും അറിയിച്ചുവെന്നും ടി സാഹചര്യത്തിൽ, വിവരാവകാശ നിയമപ്രകാരം പൊതു അധികാരിയുടെ കൈവശം സൂക്ഷിച്ചിട്ടുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ആവശ്യപ്പെടുക, അവ പരിശോധിക്കുക എന്നിവ മാത്രമാണ് ഒരു പൗരന് നൽകുന്ന അവകാശമെന്നും അല്ലാതെ ഒരു വിഷയം സംബന്ധിച്ച് അഭിപ്രായം, വിശദീകരണം, വ്യാഖ്യാനം എന്നിവയ്ക്ക് മറുപടി നൽകാൻ നിർവ്വാഹമില്ലെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത്, അഭിപ്രായങ്ങൾ ആകയാൽ മറുപടി നൽകേണ്ടതില്ലെങ്കിലും ഹർജിക്കാരൻ വിചാരണ വേളയിൽ പറഞ്ഞിട്ടുള്ള കൊല്ലം വെസ്റ്റ് വില്ലേജിലെ കൊട്ടാരക്കുളം ഗണപതി ക്ഷേത്രം ഭൂമിയിലെ പുറമ്പോക്ക് കയ്യേറ്റത്തിനെതിരെ ടി ഓഫീസിൽ സമർപ്പിച്ചിട്ടുള്ള ഡി1-10144/22 നമ്പർ ഫയൽ പ്രകാരം വില്ലേജ് ഓഫീസറിൽ നിന്നും റിപ്പോർട്ട് വാങ്ങി അടിയന്തിരമായി താലൂക്ക് സർവ്വെയർ മുഖേന അളവ് നടപടി സ്വീകരിക്കുന്നതിലേയ്ക്കായി തഹസിൽദാർ (എൽ.ആർ.)ന് നിർദ്ദേശം നൽകിക്കൊണ്ടും ഇനി എന്തെങ്കിലും ടി വിഷയം സംബന്ധിച്ച് അറിയാനുണ്ടെങ്കിൽ ടി ഫയലുമായി ബന്ധപ്പെടാവുന്നതാണെന്ന് ഹർജിക്കാരന് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടു

ണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ആവശ്യപ്പെ വിവരം ലഭിച്ചില്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പുറമ്പോക്ക് രജിസ്റ്റ റിന്റെ പകർപ്പ് ഹർജിക്കാരന് 13.12.2022 നുതന്നെ അയച്ചു നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചതു പ്രകാരം 13.12.2022ന് കമ്മീഷനിൽ സമർപ്പിച്ച കത്തിൽ പ്രസ്താവിച്ചിരിക്കുന്നത്, വില്ലേജ് ഓഫീസിൽ സൂക്ഷിച്ചുവരുന്ന പുറമ്പോക്ക് രജിസ്റ്ററിൽ ടിയാൻ ആവശ്യപ്പെട്ട വസ്തുവിന്റെ സർവ്വെ നമ്പർ രേഖപ്പെടുത്തി കാണുന്നില്ലെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യ പ്പെട്ട 8 മുതൽ 11വരെ ചോദ്യങ്ങളുടെ മറുപടി നൽകാൻ സാദ്ധ്യമല്ല എന്ന വിവരമാണ് അറിയിച്ചിട്ടുള്ളത്.

5. മേൽ കത്തിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദി വസം 2022 ഡിസംബർ 28–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകു ന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
Ge/